(സി) പ്രൈമറി സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോയെന്നുള്ള വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 15 അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലേയും 14 ജില്ലാ സഹകരണ ബാങ്കുകളിലേയും നേരിട്ടുള്ള നിയമനങ്ങളാണ് പി.എസ്.സി. മുഖേന നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കുകളുടെ റിക്രൂട്ട്മെന്റ് ചട്ടങ്ങൾ ബാങ്കുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) നിയമന കാര്യങ്ങളിൽ സഹകരണ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിയന്ത്രണങ്ങൾ ഉണ്ട്.

സഹകരണ നീതി സ്പെയർ പാർട്ട്സ് സ്റ്റോറുകൾ

138 (306) ശ്രീ. പി. കെ. അബ്ദുറബ്ബ്:
ശ്രീ. സി. മൊയിൻകുട്ടി:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഗുണനിലവാരമുള്ള സ്പെയർപാർട്ടുകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാൻ നീതി സ്പെയർ പാർട്ട്സ് സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം; ഇവ എപ്പോൾ ആരംഭിക്കും;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധനയിലാണ്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സ്വാശ്രയ സഹകരണ സംഘങ്ങളുടെ ഘടന

139 (307) ശ്രീ. പി. രാജു:
പ്രൊഫ. മീനാക്ഷി തമ്പാൻ:
ശ്രീ. സി. എൻ. ജയദേവൻ:
ശ്രീ. കെ.പി. രാജേന്ദ്രൻ:
ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly